# യുവാക്കൾക്ക് സംരംഭകത്വത്തിലേക്ക് വളരാം, കെ.എഫ്.സിക്കൊപ്പം

**കേരളത്തിൽ സംരംഭകത്വം വളർത്താൻ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചും കോർപ്പറേഷന്റെ ഭാവി ലക്ഷ്യങ്ങളെ കുറിച്ചും കെ.എഫ്.സി മാനേജിംഗ് ഡയറക്റ്റർ യോഗേഷ് ഗുപ്ത ഐ.പി.എസ് വ്യക്തമാക്കുന്നു**

ധനം ന്യൂസ് ബ്യൂറോ

**? യുവജനങ്ങളിൽ സംരംഭകത്വം വളർത്താൻ സംസ്ഥാന സർക്കാർ കെ.എഫ്.സി വഴി നടപ്പാക്കുന്ന പദ്ധതിയുടെ സവിശേഷതകൾ?**

▶ യുവതീ യുവാക്കൾക്കിടയിൽ സംരംഭകത്വ മനോഭാവം വളർത്തുന്നതിന് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിക്കഴിഞ്ഞു. ആത്മാർത്ഥതയും ആശയങ്ങളുമുള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തി സംരംഭം തുടങ്ങുന്നതിനുള്ള പരിശീലനം നൽകുന്നതോടൊപ്പം ലളിതമായ ജാമ്യവ്യവസ്ഥകളിൽ സാമ്പത്തികസഹായവും ലഭ്യമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അഞ്ച് വർഷം കൊണ്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും 10 ചെറുകിട വ്യവസായം എന്ന കണക്കിൽ 50,000 സംരംഭങ്ങളും അതിലൂടെ അഞ്ച് ലക്ഷം തൊഴിലവസരങ്ങളുമാണ് സൃഷ്ടിക്കപ്പെടുക.

**? പദ്ധതി നടത്തിപ്പ് എത്രമാത്രം മുന്നേറി?**

▶ സംരംഭക വികസന മിഷന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു കഴിഞ്ഞു. പദ്ധതിയുടെ നോഡൽ ഏജൻസിയാണ് കെ.എഫ്.സി. ആദ്യ ബാച്ചിലേക്കുള്ള സംരംഭകരുടെ രജിസ്ട്രേഷനും തെരഞ്ഞെടുപ്പും പൂർത്തിയായി. ഇവർക്കുള്ള പരിശീലനം ഉടനെ തുടങ്ങും. അത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പലിശരഹിത വായ്പയാണ് നൽകുക. അഞ്ച് പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് പദ്ധതി ചെലവിന്റെ 90 ശതമാനം അഥവാ 20 ലക്ഷം രൂപ വരെ വായ്പയായി ലഭിക്കും. ടെക്നോക്രാറ്റുകൾക്ക് 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ പരമാവധി അഞ്ച് വർഷമാണ് തിരിച്ചടവ് കാലാവധി. ഓരോ സംരംഭകനും അവർക്ക് ഇഷ്ടമുള്ള മേഖലകളിൽ സംരംഭം തുടങ്ങാം.



യോഗേഷ് ഗുപ്ത ഐ.പി.എസ്

**? കോർ ഫിനാൻഷ്യൽ സൊല്യൂഷൻ നടപ്പാക്കിയതിലൂടെ കെ.എഫ്.സി ലക്ഷ്യം വെക്കുന്ന നേട്ടങ്ങൾ എന്തൊക്കെ?**

▶ ടാറ്റാ കൺസൾട്ടൻസി സർവീസസുമായി ചേർന്നാണ് കോർ ഫിനാൻഷ്യൽ സൊല്യൂഷൻ ആന്റ് ഇന്റഗ്രേറ്റഡ് അഡ്മിനിസ്ട്രേറ്റീവ് സിസ്റ്റം ഞങ്ങൾ നടപ്പാക്കിയത്. കോർപ്പറേഷന്റെ എല്ലാ ഓഫീസുകളെയും ഇത് പരസ്പരം ബന്ധിപ്പിക്കും. ലോൺ, എച്ച്.ആർ, ഫണ്ട്, അസറ്റ്സ് എന്നിവയുടെ മാനേജ്മെന്റിനും ലോൺ എക്കൗണ്ടിംഗ് ഉൾപ്പെടെയുള്ള കോർപ്പറേഷന്റെ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനും ഇത് സഹായിക്കും. പദ്ധതി വിലയിരുത്തൽ മെച്ചപ്പെടുത്താനും ഉപഭോക്താക്കൾക്ക് ഓൺലൈൻ മുഖേന കോർപ്പറേഷന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്താനും ഇതിലൂടെ സാധിക്കും. ഫയൽ പ്രോസസിംഗ് വേഗത്തിലാക്കാനും അനുമതികൾ പെട്ടെന്ന് നൽകുന്നതിനും സഹായിക്കുന്ന ഈ സംവിധാനം സുതാര്യതയും എക്കൗണ്ടബിലിറ്റിയും വർധിപ്പിക്കും.

**? കോർപ്പറേഷൻ ഇ-സെയ്ൽ വെബ് പോർട്ടൽ ആരംഭിക്കാനുള്ള കാരണം?**

▶ എസ്.എഫ്.സി ആക്റ്റ് പ്രകാരം കോർപ്പറേഷൻ ഏറ്റെടുത്തിരുന്ന വസ്തുവകകൾ മുമ്പ് ക്ലോസ്ഡ് ടെൻഡർ രീതിയിലൂടെയാണ് ലേലം ചെയ്തിരുന്നത്. ഇതിന് ഒട്ടേറെ പരിമിതികളും പോരായ്മകളും ഉണ്ടെന്നതിനാൽ അവയൊക്കെ ഒഴിവാക്കാനാണ് ഇ-സെയ്ൽ സമ്പ്രദായത്തിലൂടെ ആസ്തികൾ വിൽക്കുന്നതിന് പുതിയൊരു പോർട്ടൽ ആരംഭിച്ചത്. വായ്പാ കുടിശിക വരുത്തിയവരിൽ നിന്നും കോർപ്പറേഷൻ ഏറ്റെടുക്കുന്ന ആസ്തികളുടെ വിൽപ്പനയിൽ സുതാര്യത, നിഷ്പക്ഷത, വേഗത എന്നിവ ഉറപ്പാക്കാൻ ഈ സംവിധാനം സഹായിക്കുന്നു. ഇ-സെയ്ലിൽ അനേകം പേർക്ക് പങ്കെടുക്കാമെന്നതിന് പുറമെ ആസ്തികൾക്ക് മികച്ച വില ലഭിക്കുന്നതിനും ഇതിടയാക്കും. ലോകത്തെവിടെയുമുള്ള ഒരു വ്യക്തിക്ക് കെ.എഫ്.സിയുടെ ഓഫീസിലേക്ക് വരാതെ അവിടെ നിന്നുതന്നെ ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിനും ഇ-പേയ്മെന്റ് മുഖേന പണം അടച്ച് ആസ്തികൾ വാങ്ങുന്നതിനും സാധിക്കും. ഇ-സെയ്ലിലൂടെ വിൽക്കപ്പെടുന്ന ആസ്തികൾക്ക് രണ്ട് വർഷത്തെ വിൽപ്പനാനന്തര സേവനം കൂടി കോർപ്പറേഷൻ നൽകും.

**? ഉപഭോക്തൃ സേവനം മെച്ചപ്പെടുത്താൻ കോർപ്പറേഷൻ നടപ്പാക്കിയ മറ്റ് പ്രവർത്തനങ്ങൾ?**

▶ കോർപ്പറേഷന്റെ വെബ്സൈറ്റ് (www.kfc.org) നവീകരിച്ച് വായ്പാ പദ്ധതികൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും വിശദാംശങ്ങൾ അതിൽ ലഭ്യമാക്കിയിട്ടുണ്ട്. കെ.എഫ്.സിയുടെ എല്ലാ ശാഖകളുടെ വിവരങ്ങളും അവയുടെ ലൊക്കേഷനും അതിൽ നൽകിയിട്ടുണ്ട്. ഇതേ വരെ 11 ലക്ഷം ഹിറ്റുകൾ ഈ സൈറ്റിന് ലഭിച്ചിട്ടുണ്ട്. ധനമന്ത്രിയുടെ വെബ്സൈറ്റുമായി ഇതിനെ ബന്ധിപ്പിച്ചിട്ടുള്ളതിനാൽ കോർപ്പറേഷനെക്കുറിച്ച് മന്ത്രിക്ക് ലഭിക്കുന്ന പരാതികൾക്ക് അഞ്ച് ദിവസത്തിനകം പരിഹാരം ലഭ്യമാക്കും. കെ.എഫ്.സി എം-ഗവേണൻസ് നടപ്പാക്കിയതിനാൽ ഉപഭോക്താക്കൾ 53725 എന്ന നമ്പരിലേക്ക് എസ്.എം.എസ് ചെയ്താൽ ശാഖകൾ, വായ്പാ പദ്ധതികൾ, എക്കൗണ്ടിന്റെ വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ മൊബീലിലൂടെ ലഭിക്കും.

**? കോർപ്പറേഷൻ ഇതുവരെ കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തൊക്കെ?**

▶ കേരളത്തിലൊട്ടാകെ ഇതേവരെ 40,000 യൂണിറ്റുകൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കി വ്യവസായ വാണിജ്യ മേഖലകളുടെ മുന്നേറ്റത്തിന് ശക്തമായ പിന്തുണ നൽകാൻ കെ.എഫ്.സിക്ക് സാധിച്ചു. കോർപ്പറേഷന്റെ വായ്പാ വിതരണം 1200 കോടിയായി ഉയർന്നുവെന്ന് മാത്രമല്ല കഴിഞ്ഞ രണ്ട് വർഷമായി ലാഭവിഹിതം നൽകുന്ന ഇന്ത്യയിലെ തന്നെ ഏക എസ്.എഫ്.സിയും കേരള ഫിനാൻഷ്യൽ കോർപ്പറേഷനാണ്. ചെറുകിട വ്യവസായികൾക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന കോർപ്പറേഷന്റെ കിട്ടാക്കടം ബാങ്കിംഗ് മേഖലയ്ക്ക് സമാനമായ വിധത്തിൽ 1.88 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 0.5 ശതമാനമെന്ന കുറഞ്ഞ പ്രോസസിംഗ് ഫീയാണ് കോർപ്പറേഷനുള്ളത്. കേരളത്തിന്റെ വളർച്ചയിൽ മറ്റ് സ്ഥാപനങ്ങൾക്കും കൂടി പങ്കാളിയാകാനുള്ള അവസരമൊരുക്കിക്കൊണ്ട് കെ.എഫ്.സി വിപണിയിലിറക്കിയ 200 കോടി രൂപയുടെ കടപ്പത്രം നിശ്ചിത തീയതിക്ക് മുമ്പ് തന്നെ പൂർണമായും വിറ്റഴിഞ്ഞു. ഗുജറാത്ത്, പൂനെ, ബാംഗ്ലൂർ, ഒറീസ, ഝാർഖണ്ഡ്, തമിഴ്നാട്, കേരള എന്നിവിടങ്ങളിൽ നിന്നാണ് ഇതിലെ ഭൂരിഭാഗം നിക്ഷേപവും ലഭിച്ചത്. സർവീസ് സ്ഥാപനങ്ങളുടെ വിഭാഗത്തിൽ 2009-10ലെ ഫാക്റ്റ് എം.കെ.കെ നായർ മെമ്മോറിയൽ പ്രൊഡക്റ്റിവിറ്റി അവാർഡിൽ കെ.എഫ്.സിക്ക് രണ്ടാം സ്ഥാനം ലഭിച്ചിട്ടുണ്ട്.

**? കെ.എഫ്.സിയുടെ ഭാവി പദ്ധതികൾ?**

▶ ഞങ്ങളുടെ പ്രോജക്റ്റ് കൺസൾട്ടൻസി ഡിവിഷൻ കൂടുതൽ ശക്തമാക്കുകയെന്നതാണ് പ്രധാന പദ്ധതി. ഞങ്ങളുടെ തന്നെ പ്രൊഫഷണലുകളുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തി ഒരു ടെക്നോ-ഫിനാൻഷ്യൽ ട്രെയ്നിംഗ് അക്കാഡമി തുടങ്ങാനും ഉദ്ദേശിക്കുന്നു. പദ്ധതികളുടെ ടെക്നോ-ഫിനാൻഷ്യൽ പഠനത്തിനായി വിവിധ തലത്തിലുള്ള ഇൻ-ഹൗസ് പരിശീലന കോഴ്സുകൾ നടപ്പാക്കുന്നതോടൊപ്പം മറ്റുള്ള ബിസിനസ്, ധനകാര്യ സ്ഥാപനങ്ങളിലെ മാനേജർമാരെ പരിശീലിപ്പിക്കുന്നതിനും അക്കാഡമിയെ ഉപയോഗപ്പെടുത്താനാകും. സിനിമ, സീരിയൽ നിർമാണം, തിയറ്ററുകളുടെ നവീകരണം, മൾട്ടിപ്ലക്സുകളുടെ നിർമാണം എന്നിവയ്ക്ക് പുതിയൊരു വായ്പാ പദ്ധതി കൂടി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ 1200 കോടിയിലെത്തി നിൽക്കുന്ന വായ്പാ വിതരണം ഉടനടി 1500 കോടിയായി വർധിപ്പിക്കാനും ഞങ്ങൾ ലക്ഷ്യമിട്ടിട്ടുണ്ട്. ■

## യുവജനങ്ങളുടെ പ്രതീക്ഷയായി സ്വയം സംരംഭക വികസന മിഷൻ

സംസ്ഥാന സർക്കാരിന്റെ ഏറ്റവും പുതുമയാർന്ന പദ്ധതിയായ സ്വയം സംരംഭക വികസന മിഷന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി തിരുവനന്തപുരത്ത് നിർവഹിച്ചു. വളരെയേറെ രംഗങ്ങളിൽ കേരളം മുന്നിലാണെങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിലും സംരംഭകത്വ വികസനത്തിലും സംസ്ഥാനം പരാജയപ്പെട്ടിരിക്കുകയാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

കേരളത്തിലെ തൊഴിൽരഹിതരായ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് സമയബന്ധിതമായി തൊഴിൽ നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് ഇതെന്ന് ധനമന്ത്രി കെ.എം മാണി പറഞ്ഞു. ഇപ്പോൾ 4000 പേരെ തെരഞ്ഞെടുത്തിട്ടുള്ളതിൽ 812 പേർക്കുള്ള ആറാഴ്ചത്തെ പരിശീലനം ഉടനെ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. വായ്പ നേടാൻ ക്യൂ നിൽക്കണമെന്ന അവസ്ഥ മാറി സംരംഭകർക്കിടയിലേക്ക് വായ്പയുമായി എത്തുന്ന സ്ഥിതിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നതെന്നും കെ.എഫ്.സി സംരംഭകരെ സൃഷ്ടിക്കുന്ന ഒരു സ്ഥാപനമായി മാറിയിരിക്കുകയാണെന്നും വ്യവസായ വകുപ്പ് മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു. പ്രശസ്ത ഗായകനായ എം.ജി ശ്രീകുമാറും സംഘവും ചേർന്ന് സംരംഭക വികസന മിഷന്റെ ഗാനം ആലപിച്ചു. മന്ത്രിമാരായ വി എസ് ശിവകുമാർ, എം കെ മുനീർ, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വി പി ജോയി, കെ എഫ് സി എം ഡി യോഗേഷ് ഗുപ്ത തുടങ്ങിയവർ സംസാരിച്ചു.



സ്വയം സംരംഭക വികസന മിഷന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു